പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1876    04-10-2011 ൽ മറുപടിക്ക്

## ഒരു വർഷത്തെ കർമ്മപരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും പരിസ്ഥിതിയും സിനിമയും വകുപ്പുമന്ത്രി) |
| എ) ഒരു വർഷത്തെ വനം കർമ്മ പരിപാടിക്ക് അംഗീകാരമായിട്ടുണ്ടോ; | എ) 14-09-2011 ലെ ജി.ഒ. (ആർ.റ്റി) 401/2011/F&WLD -ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന്റെ ഒരു വർഷത്തെ കർമ്മപരിപാടിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) അതിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | ബി) ഒരു വർഷത്തെ വനം കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) 2003-ലെ നാട്ടാന പരിപാലന ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | സി) 2003-ലെ നാട്ടാന പരിപാലന ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് തയ്യാറാക്കിയിട്ടുണ്ട്. നാട്ടാനകളുടെ സംരക്ഷണം, ഭക്ഷണം, എഴുന്നള്ളിപ്പ്, ഇൻഷുറൻസ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് പ്രസ്തുത കരട് തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## സർക്കാരിന്റെ " ഒരു വർഷത്തെ കർമ്മപരിപാടി" കളുടെ ഭാഗമായി നടപ്പിലാക്കാൻ വേണ്ടി തിരഞ്ഞെടുത്ത പ്രവർത്തനങ്ങൾ.

==================================

1. വിജിലൻസ് അന്വേഷണം നേരിടുന്ന കേസുകളൊഴികെ എല്ലാ പെൻഷൻ കേസുകളും തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.
2. തീർപ്പാകാതെ കിടക്കുന്ന ഭൂരിഭാഗം ഫയലുകളും ഫയൽ തീർപ്പ് അദാലത്തുകൾ സംഘടിപ്പിച്ച് തീർപ്പാക്കുന്നതാണ്.
3. വനശ്രീ യൂണിറ്റുകൾ പുന:സംഘടിപ്പിക്കുകയും മൊബൈൽ വനശ്രീ യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്യും.
4. ഇടുക്കി വാഗമണിൽ ഓർക്കിഡ് ഉദ്യാനം സ്ഥാപിക്കും.
5. നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് പുനരുദ്ധരിക്കും.
6. നാട്ടാനകൾക്കും ആനപാപ്പാൻമാർക്കും ലൈസൻസ് നൽകും.
7. നാട്ടാന പരിപാലന ചട്ടം നിലവിലെ സാഹചര്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തും.
8. മരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാനുള്ള അർഹമായ വെരിഫിക്കേഷൻ പൂർത്തിയായ എല്ലാ അപേക്ഷകളിന്മേലും വനം വകുപ്പിന്റെ നിരാക്ഷേപ പത്രം നൽകും.
9. എറണാകുളത്തെ സുവർണോദ്യാനത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും.
10. തൃശൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 'സുവോളജിക്കൽ പാർക്കി 'ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.
11. മൂന്നാറിൽ കെ.എഫ്.ഡി.സി യുടെ ആഭിമുഖ്യത്തിൽ റവന്യൂ വകുപ്പ് വിട്ടുനൽകാമെന്ന് ഏറ്റിട്ടുള്ള ഭൂമിയിൽ ബോട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കും.
12. ആദിവാസി ചികിൽസാ രീതികൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന തരത്തിൽ പ്രോൽസാഹിപ്പിക്കാൻ നടപടി സ്വീകരിക്കും.
13. പൊൻമുടിയിൽ ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കും.
14. തേക്കടിയിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഇന്റർപ്രട്ടേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കും.
15. പുതിയ ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്യും.

..........2

16. ശബരിജലത്തിന്റെ നിർമ്മാണവും വിതരണവും വിപുലപ്പെടുത്തും.

17. സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന "എന്റെ മരം പദ്ധതി" ഒന്നാം ക്ലാസ് മുതൽ നടപ്പിലാക്കും. ഇതിന്റെ ഭാഗമായി ഫലവൃക്ഷതൈകൾ നട്ടുവളർത്തുന്നതിന് പ്രാമുഖ്യം നൽകും.

18. ഈ സാമ്പത്തിക വർഷം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കും.

19. Kerala Sawmills and other Wood based Industries Units ( Regulation ) Rules പുറപ്പെടുവിക്കും.

20. ആവശ്യമായ ഉദ്യോഗസ്ഥരെയും വാഹനമുൾപ്പെടെയുള്ള സംവിധാനങ്ങളും ലഭ്യമാക്കി കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെ തുരത്താൻ സ്ഥിരം ടാസ്ക് ഫോഴ്സുകൾ സ്ഥാപിക്കും.